**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **05-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ കൃഷിക്കാരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; നിലവിൽ എന്ത് വിലയ്ക്കാണ് സംഭരണം നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14/01/2022-ൽ സർക്കാർ ഉത്തരവായിരുന്നു. ആദ്യ ഘട്ടത്തിൽ , പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ മേൽ പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും , വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയും ആണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ